"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/227/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 01-07-2023

**സർക്കുലർ**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ഭരണ നിർവഹണം, ജില്ലാ പഞ്ചായത്തുകളിലെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്റ്റുകളുടെ വെറ്റിംഗ് ഓഫീസർമാരെ നിശ്ചയിച്ചത് - ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ തന്നെ ചുമതല നിറവേറ്റണമെന്നത് - സംബന്ധിച്ച്.

സൂചന:-

1. 27.02.2023ലെ ഡിഎ1/77/2023-തസ്വഭവ നമ്പർ സർക്കുലർ
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 -ൽ കൂടിയ യോഗത്തിന്റെ തീരുമാനം 3.2

*********************

വകുപ്പ് ഏകീകരണത്തിന്റെ ഭാഗമായി വന്ന മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന ഭരണ നിർവഹണം, ജില്ലാ പഞ്ചായത്തുകളിലെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്റ്റുകളുടെ വെറ്റിംഗ് ഓഫീസർമാരെ ചുവടെ പ്രകാരം നിശ്ചയിച്ച് സൂചന (1) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

**എ) ഭരണ നിർവഹണവുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ**

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | നിലവിലുള്ള വെറ്റിംഗ് ഓഫീസർ | പുതുതായി ചുമതലപ്പെടുത്തുന്ന വെറ്റിംഗ് ഓഫീസർ |
|---|---|---|---|
| 1 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് | തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിലെ അസിസ്റ്റന്റ് ഡയറക്ടർമാർ (ബ്ലോക്ക് അടിസ്ഥാനത്തിൽ ജോയിന്റ് ഡയറക്ടർ ചുമതല വിഭജിച്ച് നൽകണം) |

| | | | |
|---|---|---|---|
| | | | |
| 2 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് | എ.ഡി.സി (ജനറൽ) | തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ |
| 3 | സെക്രട്ടറി, മുനിസിപ്പാലിറ്റി | നഗരകാര്യ ജോയിന്റ് ഡയറക്ടർ | തദ്ദേശ സ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ |
| 4 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | പഞ്ചായത്ത് ഡയറക്ടർ | തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ അഡീഷണൽ ഡയറക്ടർ (DPL) |
| 5 | സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ | നഗരകാര്യ ഡയറക്ടർ | തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ അഡീഷണൽ ഡയറക്ടർ (C&SS) |

ഇത് കൂടാതെ പ്രോജക്ട് ഡയറക്ടർ (ദാരിദ്ര്യ ലഘൂകരണ വിഭാഗം, ജില്ലാ പഞ്ചായത്ത്) നിർവ്വഹണം നടത്തുന്ന ജില്ലാ പഞ്ചായത്തുകളുടെ ദാരിദ്ര്യ ലഘൂകരണ പ്രോജക്ടുകളുടെ വെറ്റിംഗ് ചുമതല തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ അഡീഷണൽ ഡയറക്ടർക്കും നിശ്ചയിച്ച് നൽകിയിരുന്നു.

2. എന്നാൽ ചില ജില്ലകളിൽ മുകളിൽ പറഞ്ഞ ഉദ്യോഗസ്ഥർ സർക്കാർ നൽകിയ ചുമതല താഴെ തലത്തിലെ മറ്റു ഉദ്യോഗസ്ഥർക്ക് പുനർ നിർണ്ണയിച്ചു നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു വീഴ്ചയാണ്. ഇങ്ങനെ ചെയ്യാൻ പാടില്ല എന്നും സൂചിത സർക്കുലർ പ്രകാരം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ തന്നെ ചുമതല നിറവേറ്റണമെന്നും നിർദ്ദേശം നൽകുന്നു.

ഇതു കൂടാതെ സർക്കാർ ഉത്തരവു പ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റു വകുപ്പിലെ ഉദ്യോഗസ്ഥർമാർക്ക് തന്നെ വെറ്റിംഗ്/സാങ്കേതികാനുമതി നൽകണമെന്നും നിർദ്ദേശിക്കുന്നു.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 01-07-2023 15:08:37
സെക്ഷൻ ഓഫീസർ